# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2988

13.03.18 - ൽ മറുപടിക്ക്.

## ബഡ്സ് സ്കൂളുകളിലെ കെയർടേക്കർമാർക്ക് പരിശീലനം

**ചോദ്യം**
ശ്രീ. കെ. ദാസൻ

**ഉത്തരം**
ഡോ. കെ. ടി. ജലീൽ
(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

(എ) ബഡ്സ് സ്കൂളുകളിലെ കെയർ ടേക്കർമാർക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശീലനത്തിന്റെ ഉള്ളടക്കം, പരിശീലനം നൽകിയ ഏജൻസി, എത്ര ദിവസത്തെ പരിശീലനം, എത്ര കെയർ ടേക്കർമാർ പങ്കെടുത്തു തുടങ്ങിയ വിവരങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(എ) ബഡ്സ് സ്കൂളിലെ ആയ/കെയർ ടേക്കർമാർക്ക് 25/07/2013 മുതൽ 27/07/2013 വരെ 3 ദിവസത്തെ റസിഡൻഷ്യൽ പരിശീലനം സംസ്ഥാന തലത്തിൽ നൽകിയിട്ടുണ്ട്. പരിശീലന മോഡ്യൂളിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. കുടുംബശ്രീ മുഖാന്തിരമാണ് പരിശീലനം നടത്തിയിട്ടുള്ളത്. 66 ആയമാർ പരിശീലനത്തിൽ പങ്കെടുക്കുകയുണ്ടായി. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | പങ്കെടുത്ത ആയ/കെയർടേക്കർമാരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 5 |
| കൊല്ലം | 1 |
| പത്തനംതിട്ട | 0 |
| ആലപ്പുഴ | 6 |
| കോട്ടയം | 1 |
| ഇടുക്കി | 1 |
| എറണാകുളം | 16 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 3 |
| മലപ്പുറം | 2 |
| കോഴിക്കോട് | 10 |
| വയനാട് | 0 |

| | |
|---|---|
| കണ്ണൂർ | 11 |
| കാസർഗോഡ് | 8 |

2016 മാർച്ച് 31, ഏപ്രിൽ 1 തിയതികളിൽ തുടർന്നും പരിശീലനം നൽകുകയുണ്ടായി. ടി പരിശീലനത്തിൽ 57 ആയമാർ പങ്കെടുക്കുകയുണ്ടായി.

(ബി) കെയർ ടേക്കർമാർക്ക് കുടുംബശ്രീ സംവിധാനത്തിന്റെ സഹായത്തോടെ പരിശീലനം നൽകുന്നത് സംബന്ധിച്ച് ഏതെങ്കിലും ഏജൻസി/ സ്ഥാപനം പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പദ്ധതിയിന്മേൽ എന്ത് തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ; പദ്ധതി നടപ്പിലാക്കാൻ അടിയന്തിര നടപടി കൈക്കൊള്ളുമോ?

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിചരണം നൽകുന്നവർക്ക് പരിശീലനം നൽകുന്നതുമായി ബന്ധപ്പെട്ട് മീഡിയ അനാലിസിസ് ആൻറ് റിസർച്ച് സെൻറർ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

# ബഡ്സ് സ്കൂൾ സഹായജീവനക്കാർക്കുള്ള ത്രിദിന പരിശീലന പരിപാടി

തീയതി: 25/7/13 സ്ഥലം: Marvanias Training Cenre

## കാര്യപരിപാടി

| തീയതി | സെഷൻ | വിഷയം | അവതരിപ്പിക്കുന്നവർ |
|---|---|---|---|
| | | ഒന്നാം ദിവസം | |
| 9.00 – 10.00 | | രജിസ്ട്രേഷൻ | |
| 10.00 – 11.00 എഎം | | പ്രാരംഭ യോഗം<br>സ്വാഗതം<br>ഉദ്ഘാടനം<br>കാര്യപരിപാടി വിശദീകരണം | |
| 11.00 – 11.15 എഎം | | ചായ | |
| 11.15 – 1.00 പിഎം | 1 | ശിശുവികസനം | |
| 1.00 – 2.00 പിഎം | | ഉച്ചഭക്ഷണം | |
| 2.00 – 3.30 പിഎം | 2 | വിഭിന്നശേഷിയും മാനസികവെല്ലുവിളിയും | |
| 3.30 – 3.45 പിഎം | | ചായ | |
| 3.30 – 5.00 പിഎം | 3 | കുട്ടികളുടെ അവകാശങ്ങളും വിഭിന്ന ശേഷിയുള്ളവരുമായി ബന്ധപ്പെട്ട നിയമ പരിരക്ഷയും | |
| 5.30 – 7.30 പിഎം | | പോഷണം, ശുചിത്വം | |
| | | രണ്ടാം ദിവസം | |
| 9.00 – 9.30 | | മുൻദിന പരിശീലന അവലോകനം ഗ്രൂപ്പ് | |
| 9.30 – 1.00 പിഎം | | മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സവിശേഷ വിദ്യാഭ്യാസം | |
| 2.00 – 5.00 പിഎം | 6,7 | പരിചരണ സേവനത്തിന്റെ പ്രാധാന്യം- ഉപസേവകരുടെ ചുമതലകളും ധർമ്മങ്ങളും | |
| 5.30 – 7.30 പിഎം | | ബഡ്സ് സംവിധാനങ്ങൾ | |
| | | മൂന്നാം ദിവസം | |
| 9.00 – 9.30 | | മുൻദിന അവലോകനം | |
| 9.30 – 11.00 എഎം | 8 | മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്ന സ്വഭാവങ്ങൾ, വ്യതിയാന തന്ത്രങ്ങൾ | |
| 11.00 – 11.30 എഎം | | ചായ | |
| 11.30 – 1.00 പിഎം | 9 | പ്രായപൂർത്തിയായ മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസം | |
| 1.00 – 2.00 പിഎം | · | ഉച്ചഭക്ഷണം | |
| 2.00 – 3.30 പിഎം | 10 | രക്ഷകർത്താ വിദ്യാഭ്യാസം പുനരധിവാസ പ്രക്രിയ – രക്ഷിതാക്കളോടുള്ള ഇടപെടൽ | |
| 3.30 – 3.45 പിഎം | | ചായ | |
| 3.30 – 4.30 പിഎം | | അവലോകനം, സമാപന യോഗം | |